**<u>പതിമൂന്നാം കേരള നിയമസഭ</u>**

**<u>അഞ്ചാം സമ്മേളനം</u>**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2972 — 22.06.2012 ൽ മറുപടിയ്ക്ക്

**<u>സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കർഷക രജിസ്ട്രേഷൻ ആരംഭിക്കാൻ നടപടി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കർഷക രജിസ്ട്രേഷൻ ആരംഭിച്ചുവോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | **(എ)** ആരംഭിച്ചു. സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലുമുള്ള എല്ലാ കർഷകർക്കും കൃഷി ഭവൻ മുഖാന്തിരം രജിസ്ട്രേഷനുള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. |
| **(ബി)** കർഷക രജിസ്ട്രേഷൻ ആരംഭിച്ച വിവരം കർഷകരെ അറിയിക്കാൻ എന്തെല്ലാം നടപടികളാണ് കൃഷി ഭവനുകൾ സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ ; | **(ബി)** വയനാട് ജില്ലയിലാണ് ആദ്യം രജിസ്ട്രേഷൻ ആരംഭിച്ചത്. പ്രസ്തുത ജില്ലയിൽ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ പരസ്യം നൽകിയിരുന്നു. കൂടാതെ ബ്ലോക്ക്-പഞ്ചായത്ത് തലങ്ങളിൽ കൃഷി അസിസ്റ്റൻറ് ഡയറക്ടർ ഓഫീസുകൾ, കൃഷി ഭവനുകൾ എന്നിവ മുഖാന്തിരവും പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ കർഷകരെ അറിയിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലും ഉടൻ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| **(സി)** വയനാട് ജില്ലയിൽ കർഷക രജിസ്ട്രേഷൻ നടപടികളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;വിശദമാക്കാമോ ; | **(സി)** വയനാട് ജില്ലയിലെ കർഷക രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ട്. കർഷകരുടെ വ്യക്തിഗതവും കാർഷിക വൃത്തിയെ സംബന്ധിച്ചുമുള്ള വിവരങ്ങൾ അപേക്ഷ ഫോമിലൂടെ കൃഷി ഭവനുകൾ വഴി സ്വീകരിക്കുകയും പിന്നീട് അപേക്ഷകളിലെ വിവരങ്ങൾ ഓൺലൈൻ ആയി ഡേറ്റാബേസിലേയ്ക്ക് എന്റർ ചെയ്യുകയും ചെയ്യുന്നു. ജില്ലയിൽ 1,05,010 കർഷകർ കൃഷി ഭവനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| **(ഡി)** നാളിതുവരെ എത്ര കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നറിയിക്കാമോ ? | **(ഡി)** വയനാട് ജില്ലയിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആരംഭിച്ചത്. ജില്ലയിൽ ഒരു ലക്ഷത്തി അയ്യായിരത്തി പത്ത് (1,05,010) കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ